അധ്യായം 21

# അൽ അമ്പിയാഅ് : (പ്രവാചകന്മാർ)

അവതരണം മക്കയിൽ, വചനങ്ങൾ 112

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

ٱقۡتَرَبَ لِلنَّاسِ حِسَابُهُمۡ وَهُمۡ فِي غَفۡلَةٖ مُّعۡرِضُونَ ١

1. ജനത്തിന് അവരുടെ വിചാരണ (അന്ത്യനാളിലെ വിചാരണ) ആസന്നമായിരിക്കുന്നു. അവരോ, അശ്രദ്ധയിലാണ്ട് തിരിഞ്ഞുകളയുന്നവരാകുന്നു.

مَا يَأۡتِيهِم مِّن ذِكۡرٖ مِّن رَّبِّهِم مُّحۡدَثٍ إِلَّا ٱسۡتَمَعُوهُ وَهُمۡ يَلۡعَبُونَ ٢

2. അവരുടെ നാഥങ്കൽനിന്ന് അവർക്ക് പുതുതായി ഏത് ഉൽബോധനം വന്നെത്തിയാലും അവരത് കളിയായിക്കൊണ്ടാണ് കേൾക്കുക;

لَاهِيَةٗ قُلُوبُهُمۡۗ وَأَسَرُّواْ ٱلنَّجۡوَى ٱلَّذِينَ ظَلَمُواْ هَلۡ هَٰذَآ إِلَّا بَشَرٞ مِّثۡلُكُمۡۖ أَفَتَأۡتُونَ ٱلسِّحۡرَ وَأَنتُمۡ تُبۡصِرُونَ ٣

3. അശ്രദ്ധമായ ഹൃദയത്തോടു കൂടിയും. (അവരിലെ)അക്രമികൾ രഹസ്യമായി ഇപ്രകാരം ഭാഷണം ചെയ്തു: ഇവൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യനല്ലാതെ വല്ലതുമാണോ? കണ്ടറിഞ്ഞുകൊണ്ട് നിങ്ങൾ ആ ജാലവിദ്യയുടെ അടുത്ത് പോവുകയാണോ?

قَالَ رَبِّي يَعۡلَمُ ٱلۡقَوۡلَ فِي ٱلسَّمَآءِ وَٱلۡأَرۡضِۖ وَهُوَ ٱلسَّمِيعُ ٱلۡعَلِيمُ ٤

4. (പ്രവാചകൻ) പറഞ്ഞു: എന്റെ രക്ഷിതാവ് ആകാശങ്ങളിലും ഭൂമിയിലും പറയപ്പെടുന്ന സംസാരം അറിയുന്നവനാണ്. അവനോ, എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

قَالُوٓاْ أَضۡغَٰثُ أَحۡلَٰمِۭ بَلِ ٱفۡتَرَىٰهُ بَلۡ هُوَ شَاعِرٞ فَلۡيَأۡتِنَا بِـَٔايَةٖ كَمَآ أُرۡسِلَ ٱلۡأَوَّلُونَ ٥

5. എന്നാൽ അവർ പറഞ്ഞു: വെറും പൊയ്ക്കിനാവ്(മാത്രമാണത്). അല്ല, അവനത് കെട്ടിയുണ്ടാക്കിയതാണ്. അല്ല, അവൻ ഒരു കവിയാണ്. അതിനാൽ, മുൻപ്രവാചകന്മാർ കൊണ്ടുവന്നതുപോലൊരു ദൃഷ്ടാന്തം അവൻ നമുക്ക് കൊണ്ടുവരട്ടെ.

مَآ ءَامَنَتۡ قَبۡلَهُم مِّن قَرۡيَةٍ أَهۡلَكۡنَٰهَآۖ أَفَهُمۡ يُؤۡمِنُونَ ٦

6. ഇവർക്കു മുമ്പ് നാം നശിപ്പിച്ച ഒരു നാടും വിശ്വസിച്ചിട്ടില്ല. ഇവരും വിശ്വസിക്കുമോ?

وَمَآ أَرۡسَلۡنَا قَبۡلَكَ إِلَّا رِجَالٗا نُّوحِيٓ إِلَيۡهِمۡۖ فَسۡـَٔلُوٓاْ أَهۡلَ ٱلذِّكۡرِ إِن كُنتُمۡ لَا تَعۡلَمُونَ ٧

7. നിനക്ക് മുമ്പ് (ദൈവദൂതന്മാരായി) നാം പുരുഷന്മാരെയല്ലാതെ അയച്ചിട്ടില്ല. അവർക്ക് നാം ബോധനം നൽകുന്നു. (അതെപ്പറ്റി)നിങ്ങൾ അറിയാത്തവരാണെ ങ്കിൽ വേദക്കാരോട് ചോദിച്ചുനോക്കുക.

وَمَا جَعَلۡنَٰهُمۡ جَسَدٗا لَّا يَأۡكُلُونَ ٱلطَّعَامَ وَمَا كَانُواْ خَٰلِدِينَ ٨

8. അവരെ(ആ ദൈവദൂതന്മാരെ) നാം ഭക്ഷണം കഴിക്കാത്ത ശരീരങ്ങളാക്കിയിട്ടില്ല. അവർ (ഈ ലോകത്ത്) ശാശ്വതരുമായിരുന്നില്ല.

صَدَقۡنَٰهُمُ ٱلۡوَعۡدَ فَأَنجَيۡنَٰهُمۡ وَمَن نَّشَآءُ وَأَهۡلَكۡنَا ٱلۡمُسۡرِفِينَ ٩

9. പിന്നീട് അവരോടുള്ള വാഗ്ദാനം നാം സത്യമായി പാലിച്ചു. അങ്ങനെ അവരെ യും നാം ഉദ്ദേശിച്ചവരെയും നാം രക്ഷപ്പെടുത്തി. അതിരുകവിഞ്ഞവരെ നാം നശിപ്പിക്കുകയും ചെയ്തു.

لَقَدۡ أَنزَلۡنَآ إِلَيۡكُمۡ كِتَٰبٗا فِيهِ ذِكۡرُكُمۡۚ أَفَلَا تَعۡقِلُونَ ١٠

10. തീർച്ചയായും നാം നിങ്ങൾക്ക് ഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നു. അതിൽ നി ങ്ങൾക്ക് ഉദ്ബോധനമുണ്ട്. നിങ്ങൾ ചിന്തിക്കുന്നില്ലേ?

وَكَمۡ قَصَمۡنَا مِن قَرۡيَةٖ كَانَتۡ ظَالِمَةٗ وَأَنشَأۡنَا بَعۡدَهَا قَوۡمًا ءَاخَرِينَ ١١

11. അക്രമികളായിരുന്ന എത്ര ഗ്രാമങ്ങളെ നാം നശിപ്പിച്ചു, അതിനു ശേഷം നാം മറ്റൊരു ജനതയെ വളർത്തിയെടുക്കുകയും ചെയ്തു.

فَلَمَّآ أَحَسُّواْ بَأۡسَنَآ إِذَا هُم مِّنۡهَا يَرۡكُضُونَ ١٢

12. അങ്ങനെ നമ്മുടെ ശിക്ഷ അവർ അനുഭവിച്ചപ്പോൾ അവരതാ ഓടിരക്ഷപ്പെടാൻ ശ്രമിക്കുന്നു.

لَا تَرۡكُضُواْ وَٱرۡجِعُوٓاْ إِلَىٰ مَآ أُتۡرِفۡتُمۡ فِيهِ وَمَسَٰكِنِكُمۡ لَعَلَّكُمۡ تُسۡـَٔلُونَ ١٣

13. (അവരോട് പറഞ്ഞു:) നിങ്ങൾ ഓടിരക്ഷപ്പെടാൻ നോക്കേണ്ട. നിങ്ങൾ അനുഭ വിച്ച സുഖാനന്ദങ്ങളിലേക്കും നിങ്ങളുടെ വീടുകളിലേക്കും മടങ്ങിപ്പോവുക. നിങ്ങൾ ചോദ്യം ചെയ്യപ്പെട്ടേക്കാം.

قَالُواْ يَٰوَيۡلَنَآ إِنَّا كُنَّا ظَٰلِمِينَ ١٤

14. അവർ പറഞ്ഞു: ഹാ, ഞങ്ങൾക്ക് നാശം. തീർച്ചയായും ഞങ്ങൾ അക്രമികളയി.

فَمَا زَالَت تِّلۡكَ دَعۡوَىٰهُمۡ حَتَّىٰ جَعَلۡنَٰهُمۡ حَصِيدًا خَٰمِدِينَ ١٥

15. നാം അവരെ കൊയ്തിട്ട കച്ചിത്തുരുമ്പെന്നോണം ആക്കുവോളം അവരുടെ മുറവി ളി അതുതന്നെയായിക്കൊണ്ടിരുന്നു.

خَلَقۡنَا ٱلسَّمَآءَ وَٱلۡأَرۡضَ وَمَا بَيۡنَهُمَا لَٰعِبِينَ ﴿١٦﴾

16. ആകാശത്തെയും ഭൂമിയെയും അത്‌ രണ്ടിനുമിടയിലുള്ളതിനെയും നാം കളിയായി സൃഷ്‌ടിച്ചിട്ടില്ല.

لَوۡ أَرَدۡنَآ أَن نَّتَّخِذَ لَهۡوٗا لَّٱتَّخَذۡنَٰهُ مِن لَّدُنَّآ إِن كُنَّا فَٰعِلِينَ ﴿١٧﴾

17. നാം ഒരു വിനോദമുണ്ടാക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ നമ്മുടെ അടുക്കൽ നിന്നുതന്നെ നാമത്‌ സ്വീകരിക്കുമായിരുന്നു. തീർച്ചയായും നാമത്‌ ചെയ്യുന്നതല്ല.

بَلۡ نَقۡذِفُ بِٱلۡحَقِّ عَلَى ٱلۡبَٰطِلِ فَيَدۡمَغُهُۥ فَإِذَا هُوَ زَاهِقٞۚ وَلَكُمُ ٱلۡوَيۡلُ مِمَّا تَصِفُونَ ﴿١٨﴾

18. എന്നാൽ നാം സത്യത്തെ മിഥ്യയുടെമേൽ എറിയുന്നു. അങ്ങനെ അത്‌ മിഥ്യയെ തകർക്കുന്നു. അപ്പോഴതാ മിഥ്യ തകരുകയായി. നിങ്ങളുടെ വർത്തമാനങ്ങൾ നിമിത്തം നിങ്ങൾക്ക്‌ നാശം.

وَلَهُۥ مَن فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۚ وَمَنۡ عِندَهُۥ لَا يَسۡتَكۡبِرُونَ عَنۡ عِبَادَتِهِۦ وَلَا يَسۡتَحۡسِرُونَ ﴿١٩﴾

19. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിൻെറതാകുന്നു. അവൻെറ അടുക്കലുള്ളവർ (മലക്കുകൾ) അവനെ ആരാധിക്കുന്നതിൽനിന്ന്‌ (ഒഴിഞ്ഞുമാറി) അഹങ്കരിക്കുന്നില്ല. അവർക്ക്‌ മുഷിയുന്നുമില്ല.

يُسَبِّحُونَ ٱلَّيۡلَ وَٱلنَّهَارَ لَا يَفۡتُرُونَ ﴿٢٠﴾

20. അവർ രാവും പകലും അവൻെറ (അല്ലാഹുവിൻെറ) പരിശുദ്ധി വാഴ്‌ത്തിക്കൊണ്ടിരിക്കുന്നു. അവർ തളരുന്നില്ല.

أَمِ ٱتَّخَذُوٓاْ ءَالِهَةٗ مِّنَ ٱلۡأَرۡضِ هُمۡ يُنشِرُونَ ﴿٢١﴾

21. അതല്ല, ഭൂമിയിൽനിന്നുതന്നെ (മരിച്ചവരെ) ജീവിപ്പിക്കാൻ കഴിവുള്ള ദൈവങ്ങളെ അവർ സ്വീകരിച്ചിരിക്കുകയാണോ?

لَوۡ كَانَ فِيهِمَآ ءَالِهَةٌ إِلَّا ٱللَّهُ لَفَسَدَتَاۚ فَسُبۡحَٰنَ ٱللَّهِ رَبِّ ٱلۡعَرۡشِ عَمَّا يَصِفُونَ ﴿٢٢﴾

22. അല്ലാഹു അല്ലാത്ത ദൈവങ്ങൾ അവ രണ്ടിലും(ആകാശഭൂമികളിൽ) ഉണ്ടായിരുന്നെങ്കിൽ അത്‌ രണ്ടും കുഴപ്പമുള്ളതാകുമായിരുന്നു. അപ്പോൾ സിംഹാസനത്തിൻെറ നാഥനായ അല്ലാഹു എത്ര പരിശുദ്ധൻ.

لَا يُسۡـَٔلُ عَمَّا يَفۡعَلُ وَهُمۡ يُسۡـَٔلُونَ ﴿٢٣﴾

23. അവൻ പ്രവർത്തിക്കുന്നതിനെപ്പറ്റി അവൻ ചോദ്യം ചെയ്യപ്പെടുകയില്ല. അവരാകട്ടെ ചോദ്യം ചെയ്യപ്പെടുന്നതാണ്‌.

أَمِ ٱتَّخَذُواْ مِن دُونِهِۦٓ ءَالِهَةٗۖ قُلۡ هَاتُواْ بُرۡهَٰنَكُمۡۖ هَٰذَا ذِكۡرُ مَن مَّعِيَ
وَذِكۡرُ مَن قَبۡلِيۗ بَلۡ أَكۡثَرُهُمۡ لَا يَعۡلَمُونَ ٱلۡحَقَّۖ فَهُم مُّعۡرِضُونَ ﴿٢٤﴾

24. അവർ അവനെക്കൂടാതെ ദൈവങ്ങളെ സ്വീകരിച്ചിട്ടുണ്ടെന്നോ? (പ്രവാചകരേ) പറയുക: (നിങ്ങൾക്ക്) അതിനുള്ള തെളിവുകൾ കൊണ്ടുവരിക. ഇത് (ഈ ഖുർആൻ) എൻെറ കൂടെയുള്ളവർക്കുള്ള ഉദ്ബോധനമാകുന്നു, എൻെറ മുമ്പുള്ളവർക്കുള്ള ഉദ്ബോധനവും. എന്നാൽ അവരിൽ അധിക പേരും സത്യം അറിയുന്നില്ല. അവരാകട്ടെ, തിരിഞ്ഞുകളയുകയാകുന്നു.

وَمَآ أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِىٓ إِلَيْهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعْبُدُونِ ٢٥

25. ''ഞാനല്ലാതെ ദൈവമില്ല. എന്നെ മാത്രം ആരാധിക്കുക'' എന്ന ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല.

وَقَالُوا۟ ٱتَّخَذَ ٱلرَّحْمَٰنُ وَلَدًا ۗ سُبْحَٰنَهُۥ ۚ بَلْ عِبَادٌ مُّكْرَمُونَ ٢٦

26. അവർ പറഞ്ഞു, പരമകാരുണികൻ സന്താനത്തെ സ്വീകരിച്ചിരിക്കുന്നു എന്ന്. അവൻ എത്ര പരിശുദ്ധൻ! എന്നാൽ അവർ (അവർ ദൈവസന്താനങ്ങൾ എന്നു പറയപ്പെട്ട മാലാഖമാർ) ആദരണീയരായ ദാസന്മാർ മാത്രമാകുന്നു.

لَا يَسْبِقُونَهُۥ بِٱلْقَوْلِ وَهُم بِأَمْرِهِۦ يَعْمَلُونَ ٢٧

27. അവർ (മാലാഖമാർ) അവനെ മറികടന്നു സംസാരിക്കുകയില്ല. അവർ അവൻെറ കൽപനക്കൊത്ത് പ്രവർത്തിക്കുന്നു.

يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلَا يَشْفَعُونَ إِلَّا لِمَنِ ٱرْتَضَىٰ وَهُم مِّنْ خَشْيَتِهِۦ مُشْفِقُونَ ٢٨

28. അവരുടെ മുമ്പിലുള്ളതും പിന്നിലുള്ളതും അവൻ അറിയുന്നു. അവൻ ഇഷ്ടപ്പെട്ടവർക്കുവേണ്ടിയല്ലാതെ അവർ ശിപാർശ ചെയ്യുകയില്ല. അവരാകട്ടെ, അവനോടുള്ള ഭയത്താൽ വിറകൊള്ളുന്നവരാകുന്നു.

۞ وَمَن يَقُلْ مِنْهُمْ إِنِّىٓ إِلَٰهٌ مِّن دُونِهِۦ فَذَٰلِكَ نَجْزِيهِ جَهَنَّمَ ۚ كَذَٰلِكَ نَجْزِى ٱلظَّٰلِمِينَ ٢٩

29. ഞാൻ അല്ലാഹുവിനെക്കൂടാതെയുള്ള ദൈവമാകുന്നു എന്ന് അവരിൽ ആരെങ്കിലും പറഞ്ഞാൽ അവന് നാം നരകം പ്രതിഫലമായി നൽകുന്നതാണ്. അപ്രകാരമാണ് നാം അക്രമികൾക്ക് പ്രതിഫലം നൽകുന്നത്.

أَوَلَمْ يَرَ ٱلَّذِينَ كَفَرُوٓا۟ أَنَّ ٱلسَّمَٰوَٰتِ وَٱلْأَرْضَ كَانَتَا رَتْقًا فَفَتَقْنَٰهُمَا ۖ وَجَعَلْنَا مِنَ ٱلْمَآءِ كُلَّ شَىْءٍ حَىٍّ ۖ أَفَلَا يُؤْمِنُونَ ٣٠

30. ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും അങ്ങനെ നാം അവയെ വേർപെടുത്തിയെന്നും ജലത്തിൽനിന്ന് എല്ലാ ജീവ വസ്തുക്കളെയും നാം ഉണ്ടാക്കുകയും ചെയ്തുവെന്നും സത്യനിഷേധികൾ കണ്ടില്ലേ? (എന്നിട്ടും) അവർ വിശ്വസിക്കുന്നില്ലേ?

وَجَعَلْنَا فِى ٱلْأَرْضِ رَوَٰسِىَ أَن تَمِيدَ بِهِمْ وَجَعَلْنَا فِيهَا فِجَاجًا سُبُلًا لَّعَلَّهُمْ يَهْتَدُونَ ٣١

31. ഭൂമിയിൽ നാം പർവതങ്ങൾ ഉറപ്പിച്ചിരിക്കുന്നു, അത് അവരെയും കൊണ്ട് ഉലഞ്ഞുപോകാതിരിക്കാനായി. അവർ വഴി കണ്ടെത്തേണ്ടതിനായി നാം അതിൽ പാതകൾ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു.

وَجَعَلْنَا ٱلسَّمَآءَ سَقْفًا مَّحْفُوظًا ۖ وَهُمْ عَنْ ءَايَـٰتِهَا مُعْرِضُونَ ٣٢

32. ആകാശത്തെ നാം സുരക്ഷിതമായ മേൽപുരയാക്കുകയും ചെയ്തു. അവരാകട്ടെ അതിലെ (ആകാശത്തിലെ) ദൃഷ്ടാന്തങ്ങളെ അവഗണിക്കുകയാകുന്നു.

وَهُوَ ٱلَّذِى خَلَقَ ٱلَّيْلَ وَٱلنَّهَارَ وَٱلشَّمْسَ وَٱلْقَمَرَ ۖ كُلٌّ فِى فَلَكٍ يَسْبَحُونَ ٣٣

33. അവനത്രെ രാത്രിയെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ചത്. എല്ലാം ഓരോ ഭ്രമണപഥത്തിലൂടെ നീന്തിക്കൊണ്ടിരിക്കുകയാകുന്നു.

وَمَا جَعَلْنَا لِبَشَرٍ مِّن قَبْلِكَ ٱلْخُلْدَ ۖ أَفَإِي۟ن مِّتَّ فَهُمُ ٱلْخَـٰلِدُونَ ٣٤

34. (പ്രവാചകരേ) നിനക്ക് മുമ്പ് ഒരു മനുഷ്യനും അനശ്വരത നൽകിയിട്ടില്ല. എന്നാൽ, നീ മരിച്ചാൽ അവർ ശാശ്വതരാകുമോ?

كُلُّ نَفْسٍ ذَآئِقَةُ ٱلْمَوْتِ ۗ وَنَبْلُوكُم بِٱلشَّرِّ وَٱلْخَيْرِ فِتْنَةً ۖ وَإِلَيْنَا تُرْجَعُونَ ٣٥

35. എല്ലാ വ്യക്തിയും മരണം ആസ്വദിക്കേണ്ടതുണ്ട്. ഒരു പരീക്ഷണമായി നന്മ കൊണ്ടും തിന്മ കൊണ്ടും നാം നിങ്ങളെ പരീക്ഷിക്കും. നമ്മുടെ അടുത്തേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും.

وَإِذَا رَءَاكَ ٱلَّذِينَ كَفَرُوٓا۟ إِن يَتَّخِذُونَكَ إِلَّا هُزُوًا أَهَـٰذَا ٱلَّذِى يَذْكُرُ ءَالِهَتَكُمْ وَهُم بِذِكْرِ ٱلرَّحْمَـٰنِ هُمْ كَـٰفِرُونَ ٣٦

36. സത്യനിഷേധികൾ നിന്നെ കണ്ടാൽ (ഇങ്ങനെ)തമാശയാക്കി പറയുക മാത്രമായിരിക്കും ചെയ്യുക: ഇവനാണോ നിങ്ങളുടെ ദൈവങ്ങളെ ആക്ഷേപിച്ചു സംസാരിക്കുന്നവൻ? അവരത്രെ പരമ കാരുണികൻെറ ഉദ്ബോധനത്തെ നിഷേധിക്കുന്നവർ.

خُلِقَ ٱلْإِنسَـٰنُ مِنْ عَجَلٍ ۚ سَأُو۟رِيكُمْ ءَايَـٰتِى فَلَا تَسْتَعْجِلُونِ ٣٧

37. തിടുക്കം കൂട്ടുന്നവനായിട്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. എൻെറ ദൃഷ്ടാന്തങ്ങൾ വഴിയെ നിങ്ങൾക്ക് കാണിച്ചുതരുന്നുണ്ട്. അതിനാൽ, നിങ്ങൾ (ശിക്ഷക്കായി) എന്നോട് ധൃതി കൂട്ടേണ്ട.

وَيَقُولُونَ مَتَىٰ هَـٰذَا ٱلْوَعْدُ إِن كُنتُمْ صَـٰدِقِينَ ٣٨

38. അവർ ചോദിക്കുന്നു: നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഈ വാഗ്ദാനം എപ്പോഴാണ് പുലരുക (പറയുക) എന്ന്.

لَوْ يَعْلَمُ ٱلَّذِينَ كَفَرُوا۟ حِينَ لَا يَكُفُّونَ عَن وُجُوهِهِمُ ٱلنَّارَ وَلَا عَن ظُهُورِهِمْ وَلَا هُمْ يُنصَرُونَ ٣٩

39. തങ്ങളുടെ മുഖങ്ങളിൽനിന്നും മുതുകുകളിൽനിന്നും നരകത്തെ തങ്ങൾക്ക് തടുക്കാനാകില്ലെന്നും തങ്ങൾ സഹായിക്കപ്പെടുകയില്ലെന്നും ആ അവിശ്വാസികൾ മനസ്സിലാക്കിയിരുന്നെങ്കിൽ!

بَلْ تَأْتِيهِم بَغْتَةً فَتَبْهَتُهُمْ فَلَا يَسْتَطِيعُونَ رَدَّهَا وَلَا هُمْ يُنظَرُونَ ﴿٤٠﴾

40. അല്ല, (അന്ത്യനാൾ)പെട്ടെന്നായിരിക്കും അവർക്ക് വന്നെത്തുക. അപ്പോൾ അതവരെ അമ്പരപ്പിച്ചുകളയും. അതിനെ തടുക്കുവാൻ അവർക്ക് സാധിക്കുകയില്ല. അവർ അവധി നൽകപ്പെടുന്നതുമല്ല.

وَلَقَدِ ٱسْتُهْزِئَ بِرُسُلٍ مِّن قَبْلِكَ فَحَاقَ بِٱلَّذِينَ سَخِرُوا۟ مِنْهُم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٤١﴾

41. തീർച്ചയായും നിനക്കു മുമ്പും പല ദൈവദൂതന്മാരും പരിഹസിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, അവർ ഏതൊന്നിനെ പരിഹസിച്ചുവോ അത്(ദൈവിക ശിക്ഷ) പരിഹസിച്ചവരിൽ പതിക്കുക തന്നെ ചെയ്തു.

قُلْ مَن يَكْلَؤُكُم بِٱلَّيْلِ وَٱلنَّهَارِ مِنَ ٱلرَّحْمَٰنِ ۗ بَلْ هُمْ عَن ذِكْرِ رَبِّهِم مُّعْرِضُونَ ﴿٤٢﴾

42. പറയുക, പരമകാരുണികനിൽനിന്ന് നിങ്ങൾക്ക് രാവും പകലും ആർ രക്ഷ നൽകും? എന്നാൽ അവർ തങ്ങളുടെ രക്ഷിതാവിന്റെ ഉദ്ബോധനത്തിൽനിന്ന് തിരിഞ്ഞുകളയുകയാകുന്നു.

أَمْ لَهُمْ ءَالِهَةٌ تَمْنَعُهُم مِّن دُونِنَا ۚ لَا يَسْتَطِيعُونَ نَصْرَ أَنفُسِهِمْ وَلَا هُم مِّنَّا يُصْحَبُونَ ﴿٤٣﴾

43. അതല്ല, അവർക്ക് നമ്മെക്കൂടാതെ അവരെ സംരക്ഷിക്കുന്ന ദൈവങ്ങളുണ്ടോ? അവർക്ക്(ആ ദൈവങ്ങൾക്ക്) സ്വന്തത്തെ സഹായിക്കാൻ തന്നെ സാധിക്കുകയില്ല. നമ്മിൽ നിന്നുള്ള തുണ അവർക്ക് ഉണ്ടാകുന്നതുമല്ല.

بَلْ مَتَّعْنَا هَٰٓؤُلَآءِ وَءَابَآءَهُمْ حَتَّىٰ طَالَ عَلَيْهِمُ ٱلْعُمُرُ ۗ أَفَلَا يَرَوْنَ
أَنَّا نَأْتِى ٱلْأَرْضَ نَنقُصُهَا مِنْ أَطْرَافِهَآ ۚ أَفَهُمُ ٱلْغَٰلِبُونَ ﴿٤٤﴾

44. അല്ല, നാം ഇവർക്കും ഇവരുടെ പിതാക്കൾക്കും ജീവിതസുഖം നൽകി. അങ്ങനെ അവർ ദീർഘകാലം അവർ ജീവിച്ചു. എന്നാൽ ഭൂമിയെ നാം അതിന്റെ നാനാഭാഗങ്ങളിലൂടെയും ചുരുക്കിക്കൊണ്ടുവരുന്നത് അവർ കാണുന്നില്ലേ? എന്നിട്ടും അവർ തന്നെ വിജയിക്കുമെന്നോ?

قُلْ إِنَّمَآ أُنذِرُكُم بِٱلْوَحْىِ ۚ وَلَا يَسْمَعُ ٱلصُّمُّ ٱلدُّعَآءَ إِذَا مَا يُنذَرُونَ ﴿٤٥﴾

45. (പ്രവാചകരേ) പറയുക, തീർച്ചയായും ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നത് ദിവ്യബോധനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. മുന്നറിയിപ്പ് നൽകപ്പെടുമ്പോൾ ബധിരന്മാർ വിളി കേൾക്കുകയില്ല.

وَلَئِن مَّسَّتۡهُمۡ نَفۡحَةٞ مِّنۡ عَذَابِ رَبِّكَ لَيَقُولُنَّ يَٰوَيۡلَنَآ إِنَّا كُنَّا ظَٰلِمِينَ ﴿٤٦﴾

46. നിന്റെ രക്ഷിതാവിന്റെ ശിക്ഷയിൽനിന്നുള്ള നേരിയ കാറ്റ് അവരെ സ്പർശിച്ചാൽ തീർച്ചയായും അവർ പറയും: ഞങ്ങളുടെ നാശമേ, ഞങ്ങൾ അക്രമികളായിരിക്കുന്നു.

وَنَضَعُ ٱلۡمَوَٰزِينَ ٱلۡقِسۡطَ لِيَوۡمِ ٱلۡقِيَٰمَةِ فَلَا تُظۡلَمُ نَفۡسٞ
شَيۡـٔٗاۖ وَإِن كَانَ مِثۡقَالَ حَبَّةٖ مِّنۡ خَرۡدَلٍ أَتَيۡنَا بِهَاۗ وَكَفَىٰ بِنَا حَٰسِبِينَ ﴿٤٧﴾

47. പുനരുത്ഥാന നാളിൽ നീതിയുടെ ത്രാസ്സ് നാം സ്ഥാപിക്കുന്നതാകുന്നു. അതിനാൽ ഒരാളും ഒട്ടും അനീതി കാണിക്കപ്പെടുകയില്ല. (ഒരാളുടെ കർമ്മം) അണുമണിത്തൂക്കമുള്ളതാണെങ്കിലും നാം അതിനെ കൊണ്ടുവരുന്നതാണ്. വിചാരണ ചെയ്യുവാൻ നാം തന്നെ മതി.

وَلَقَدۡ ءَاتَيۡنَا مُوسَىٰ وَهَٰرُونَ ٱلۡفُرۡقَانَ وَضِيَآءٗ وَذِكۡرٗا لِّلۡمُتَّقِينَ ﴿٤٨﴾

48. മൂസാക്കും ഹാറൂന്നും നാം സത്യാസത്യ വിവേചകപ്രമാണവും പ്രകാശവും സൂക്ഷ്മത പുലർത്തുന്നവർക്കുള്ള ഉദ്ബോധനവും നൽകിയിട്ടുണ്ട്;

ٱلَّذِينَ يَخۡشَوۡنَ رَبَّهُم بِٱلۡغَيۡبِ وَهُم مِّنَ ٱلسَّاعَةِ مُشۡفِقُونَ ﴿٤٩﴾

49. തങ്ങളുടെ രക്ഷിതാവിനെ കാണാതെ തന്നെ ഭയപ്പെടുന്നവർക്കും. അവരാകട്ടെ, അന്ത്യനാളിനെപ്പറ്റി ഭയമുള്ളവരാകുന്നു.

وَهَٰذَا ذِكۡرٞ مُّبَارَكٌ أَنزَلۡنَٰهُۚ أَفَأَنتُمۡ لَهُۥ مُنكِرُونَ ﴿٥٠﴾

50. ഇതാകട്ടെ,(ഖുർആൻ) നാം അവതരിപ്പിച്ച അനുഗ്രഹപൂർണമായ ഉദ്ബോധനമാകുന്നു. എന്നിട്ടും നിങ്ങൾ അതിനെ നിഷേധിക്കുകയാണോ?

۞وَلَقَدۡ ءَاتَيۡنَآ إِبۡرَٰهِيمَ رُشۡدَهُۥ مِن قَبۡلُ وَكُنَّا بِهِۦ عَٰلِمِينَ ﴿٥١﴾

51. മുമ്പ് ഇബ്റാഹീമിന് നാം തന്റെ വിവേകം (ശരിയായ മാർഗം) നൽകിയിട്ടുണ്ടായിരുന്നു. അദ്ദേഹത്തെപ്പറ്റി നമുക്ക് നന്നായി അറിയാമായിരുന്നു.

إِذۡ قَالَ لِأَبِيهِ وَقَوۡمِهِۦ مَا هَٰذِهِ ٱلتَّمَاثِيلُ ٱلَّتِيٓ أَنتُمۡ لَهَا عَٰكِفُونَ ﴿٥٢﴾

52. അദ്ദേഹം തന്റെ ജനതയോടും പിതാവിനോടും ചോദിച്ച സന്ദർഭം (സ്മരണീയമാണ്): നിങ്ങൾ പൂജിക്കുന്ന ഈ പ്രതിമകൾ എന്താകുന്നു?

قَالُواْ وَجَدۡنَآ ءَابَآءَنَا لَهَا عَٰبِدِينَ ﴿٥٣﴾

53. അവർ പറഞ്ഞു: ഞങ്ങളുടെ പിതാക്കൾ ഇതിന് ആരാധനയർപ്പിക്കുന്നതായിട്ടാണ് ഞങ്ങൾ കണ്ടത്.

قَالَ لَقَدۡ كُنتُمۡ أَنتُمۡ وَءَابَآؤُكُمۡ فِي ضَلَٰلٖ مُّبِينٖ ﴿٥٤﴾

54. അദ്ദേഹം പറഞ്ഞു: തീര്‍ച്ചയായും നിങ്ങളും നിങ്ങളുടെ പിതാക്കളും വ്യക്തമായ വഴികേടിലായിരിക്കുന്നു.

قَالُوٓا۟ أَجِئْتَنَا بِٱلْحَقِّ أَمْ أَنتَ مِنَ ٱللَّـٰعِبِينَ ﴿٥٥﴾

55. അവര്‍ ചോദിച്ചു: നീ ഞങ്ങളുടെ അടുത്ത് സത്യവുമായി വന്നതാണോ, അതല്ല, കളി പറയുന്നവരുടെ കൂട്ടത്തിലാണോ?

قَالَ بَل رَّبُّكُمْ رَبُّ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ٱلَّذِى فَطَرَهُنَّ وَأَنَا۠ عَلَىٰ ذَٰلِكُم مِّنَ ٱلشَّـٰهِدِينَ ﴿٥٦﴾

56. അദ്ദേഹം പറഞ്ഞു: അല്ല, നിങ്ങളുടെ രക്ഷിതാവ് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവാകുന്നു, അവയെ സൃഷ്ടിച്ചവനാണവന്‍. ഞാനാകട്ടെ, അതിന് സാക്ഷ്യം വഹിക്കുന്നവരുടെ കൂട്ടത്തിലാകുന്നു.

وَتَٱللَّهِ لَأَكِيدَنَّ أَصْنَـٰمَكُم بَعْدَ أَن تُوَلُّوا۟ مُدْبِرِينَ ﴿٥٧﴾

57. അല്ലാഹുവാണെ, നിങ്ങള്‍ പിന്തിരിഞ്ഞതിന് ശേഷം ഞാന്‍ നിങ്ങളുടെ പ്രതിഷ്ഠകളുടെ കാര്യത്തില്‍ തന്ത്രം പ്രയോഗിക്കുക തന്നെ ചെയ്യും.

فَجَعَلَهُمْ جُذَٰذًا إِلَّا كَبِيرًا لَّهُمْ لَعَلَّهُمْ إِلَيْهِ يَرْجِعُونَ ﴿٥٨﴾

58. അങ്ങനെ അദ്ദേഹം അവയിലെ വലുതിനെ ഒഴിച്ച് (ബാക്കിയുള്ളവയെ) തുണ്ടം തുണ്ടമാക്കി. അവര്‍ അതിന്‍റെ അടുത്തേക്ക് തിരിച്ചു വന്നെങ്കിലോ!

قَالُوا۟ مَن فَعَلَ هَـٰذَا بِـَٔالِهَتِنَآ إِنَّهُۥ لَمِنَ ٱلظَّـٰلِمِينَ ﴿٥٩﴾

59. (തിരിച്ചു വന്നപ്പോള്‍) അവര്‍ ചോദിച്ചു: നമ്മുടെ ദൈവങ്ങളെക്കൊണ്ട് ഇത് ചെയ്തവനാരാണ്? തീര്‍ച്ചയായും അവന്‍ അക്രമികളില്‍ പെട്ടവന്‍ തന്നെ.

قَالُوا۟ سَمِعْنَا فَتًى يَذْكُرُهُمْ يُقَالُ لَهُۥٓ إِبْرَٰهِيمُ ﴿٦٠﴾

60. അവര്‍ പറഞ്ഞു: ഇബ്റാഹീം എന്ന് പേരുള്ള ഒരു യുവാവ് അവയെ (ദൈവങ്ങളെ) പരാമര്‍ശിക്കുന്നത് കേട്ടിട്ടുണ്ട്.

قَالُوا۟ فَأْتُوا۟ بِهِۦ عَلَىٰٓ أَعْيُنِ ٱلنَّاسِ لَعَلَّهُمْ يَشْهَدُونَ ﴿٦١﴾

61. അവര്‍ പറഞ്ഞു: നിങ്ങള്‍ അവനെ ജനദൃഷ്ടിയില്‍ കൊണ്ടുവരിക. (അവനെ വിചാരണ ചെയ്യുന്നതിന്) അവര്‍ സാക്ഷ്യം വഹിച്ചേക്കാം.

قَالُوٓا۟ ءَأَنتَ فَعَلْتَ هَـٰذَا بِـَٔالِهَتِنَا يَـٰٓإِبْرَٰهِيمُ ﴿٦٢﴾

62. (അദ്ദേഹത്തെ ഹാജരാക്കിയപ്പോള്‍) അവര്‍ ചോദിച്ചു: നീയാണോ ഇബ്റാഹീമേ, ഞങ്ങളുടെ ദൈവങ്ങളെ ഇങ്ങനെ ചെയ്തത്?

قَالَ بَلْ فَعَلَهُۥ كَبِيرُهُمْ هَـٰذَا فَسْـَٔلُوهُمْ إِن كَانُوا۟ يَنطِقُونَ ﴿٦٣﴾

63. അദ്ദേഹം പറഞ്ഞു: അത് അവരുടെ കൂട്ടത്തിലെ വലിയവനാണ് അത് ചെയ്തത്. അവർ സംസാരിക്കുമെങ്കിൽ അവയോട് ചോദിക്കുക.

فَرَجَعُوٓا۟ إِلَىٰٓ أَنفُسِهِمْ فَقَالُوٓا۟ إِنَّكُمْ أَنتُمُ ٱلظَّٰلِمُونَ ﴿٦٤﴾

64. അപ്പോൾ അവർ സ്വമനസ്സുകളിലേക്ക് മടങ്ങി. അങ്ങനെ അവർ (പരസ്പരം) പറഞ്ഞു: തീർച്ചയായും നിങ്ങൾ തന്നെയാണ് അക്രമികൾ.

ثُمَّ نُكِسُوا۟ عَلَىٰ رُءُوسِهِمْ لَقَدْ عَلِمْتَ مَا هَٰٓؤُلَآءِ يَنطِقُونَ ﴿٦٥﴾

65. പിന്നെ അവർ (അവരുടെ വീക്ഷണം) കീഴ്മേൽ മറിഞ്ഞു. (അവർ ചോദിച്ചു: ഇബ്റാഹീമേ,) ഇവർ സംസാരിക്കുകയില്ലെന്ന് നിനക്കറിയില്ലേ?

قَالَ أَفَتَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَنفَعُكُمْ شَيْـًٔا وَلَا يَضُرُّكُمْ ﴿٦٦﴾

66. അദ്ദേഹം ചോദിച്ചു: അപ്പോൾ നിങ്ങൾക്ക് യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാത്തവയെ അല്ലാഹുവിനെക്കൂടാതെ നിങ്ങൾ ആരാധിക്കുകയാണോ?

أُفٍّ لَّكُمْ وَلِمَا تَعْبُدُونَ مِن دُونِ ٱللَّهِ ۖ أَفَلَا تَعْقِلُونَ ﴿٦٧﴾

67. നിങ്ങളുടെയും അല്ലാഹുവിനെക്കൂടാതെ നിങ്ങൾ ആരാധിക്കുന്നവയുടെയും കാര്യം അപമാനകരം തന്നെ. നിങ്ങൾ ചിന്തിക്കുന്നില്ലേ?

قَالُوا۟ حَرِّقُوهُ وَٱنصُرُوٓا۟ ءَالِهَتَكُمْ إِن كُنتُمْ فَٰعِلِينَ ﴿٦٨﴾

68. അവർ പറഞ്ഞു: നിങ്ങൾക്ക് എന്തെങ്കിലും ചെയ്യാനാകുമെങ്കിൽ അവനെ ചുട്ടെരിക്കുകയും നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുവിൻ.

قُلْنَا يَٰنَارُ كُونِى بَرْدًا وَسَلَٰمًا عَلَىٰٓ إِبْرَٰهِيمَ ﴿٦٩﴾

69. (അവർ അദ്ദേഹത്തെ തീയിലിട്ടപ്പോൾ) നാം പറഞ്ഞു: തീയേ, നീ ഇബ്റാഹീമിന് തണുപ്പും സമാധാനവും ആവുക.

وَأَرَادُوا۟ بِهِۦ كَيْدًا فَجَعَلْنَٰهُمُ ٱلْأَخْسَرِينَ ﴿٧٠﴾

70. അദ്ദേഹത്തിന്റെ കാര്യത്തിൽ തന്ത്രം പ്രയോഗിക്കാൻ അവർ തീരുമാനിച്ചു. എന്നാൽ അവരെ നാം നഷ്ടകാരികളാക്കുകയും ചെയ്തു.

وَنَجَّيْنَٰهُ وَلُوطًا إِلَى ٱلْأَرْضِ ٱلَّتِى بَٰرَكْنَا فِيهَا لِلْعَٰلَمِينَ ﴿٧١﴾

71. ലോകർക്കു വേണ്ടി അനുഗ്രഹീതമാക്കി വെച്ച ഒരു ഭൂപ്രദേശത്തേക്ക് നാം അദ്ദേഹത്തെയും ലൂത്വിനെയും രക്ഷപ്പെടുത്തി (കൊണ്ടുപോയി).

وَوَهَبْنَا لَهُۥٓ إِسْحَٰقَ وَيَعْقُوبَ نَافِلَةً ۖ وَكُلًّا جَعَلْنَا صَٰلِحِينَ ﴿٧٢﴾

72. അദ്ദേഹത്തിന് നാം ഇസ്ഹാഖിനെ നൽകുകയും ചെയ്തു. പുറമെ യഅ്ഖൂബിനെയും. അവരെല്ലാവരെയും നാം സദ്വൃത്തരാക്കുകയും ചെയ്തു.

وَجَعَلْنَٰهُمْ أَئِمَّةً يَهْدُونَ بِأَمْرِنَا وَأَوْحَيْنَآ إِلَيْهِمْ فِعْلَ ٱلْخَيْرَٰتِ وَإِقَامَ ٱلصَّلَوٰةِ وَإِيتَآءَ ٱلزَّكَوٰةِ ۖ وَكَانُوا۟ لَنَا عَٰبِدِينَ ﴿٧٣﴾

73. അവരെ നാം നമ്മുടെ അനുമതി പ്രകാരം മാർഗ്ഗദർശനം നൽകുന്ന നേതാക്കളാക്കുകയും ചെയ്തു. സദ്കർമങ്ങൾ ചെയ്യണമെന്നും നമസ്കാരം മുറപ്രകാരം നിലനിറുത്തണമെന്നും സകാത്ത് നൽകണമെന്നും നാം അവർക്ക് ബോധനം നൽകുകയും ചെയ്തു. അവർ നമുക്കായിരുന്നു ആരാധനയർപ്പിച്ചിരുന്നത്.

وَلُوطًا ءَاتَيْنَٰهُ حُكْمًا وَعِلْمًا وَنَجَّيْنَٰهُ مِنَ ٱلْقَرْيَةِ ٱلَّتِى كَانَت تَّعْمَلُ
ٱلْخَبَٰٓئِثَ ۗ إِنَّهُمْ كَانُوا۟ قَوْمَ سَوْءٍ فَٰسِقِينَ ﴿٧٤﴾

74. ലൂത്വിനാകട്ടെ, നാം വിധികർത്തൃത്വവും ജ്ഞാനവും നൽകുകയുണ്ടായി. ചീത്ത ചെയ്തിരുന്ന നാട്ടിൽനിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. തീർച്ചയായും അവർ(ആ നാട്ടുകാർ) ധിക്കാരികളായ ദുഷിച്ച ജനതയായിരുന്നു.

وَأَدْخَلْنَٰهُ فِى رَحْمَتِنَآ ۖ إِنَّهُۥ مِنَ ٱلصَّٰلِحِينَ ﴿٧٥﴾

75. അദ്ദേഹത്തെ നാം നമ്മുടെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അദ്ദേഹം സദ്വൃത്തരുടെ കൂട്ടത്തിലായിരുന്നു.

وَنُوحًا إِذْ نَادَىٰ مِن قَبْلُ فَٱسْتَجَبْنَا لَهُۥ فَنَجَّيْنَٰهُ وَأَهْلَهُۥ مِنَ ٱلْكَرْبِ ٱلْعَظِيمِ ﴿٧٦﴾

76. നൂഹിനെയും(ഓർക്കുക). ഇതിനു മുമ്പ് അദ്ദേഹം വിളിച്ചു പ്രാർത്ഥിച്ച സന്ദർഭം. അങ്ങനെ നാം അദ്ദേഹത്തിന് ഉത്തരം നൽകി. അങ്ങനെ അദ്ദേഹത്തെയും അദ്ദേഹത്തിൻെറ കുടുംബത്തെയും മഹാ പ്രയാസത്തിൽനിന്ന് രക്ഷപ്പെടുത്തി.

وَنَصَرْنَٰهُ مِنَ ٱلْقَوْمِ ٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَآ ۚ إِنَّهُمْ كَانُوا۟ قَوْمَ سَوْءٍ فَأَغْرَقْنَٰهُمْ أَجْمَعِينَ ﴿٧٧﴾

77. നമ്മുടെ ദൃഷ്ടാന്തങ്ങളെ കളവാക്കിയ ജനതക്കെതിരെ നാം അദ്ദേഹത്തെ സഹായിക്കുകയും ചെയ്തു. തീർച്ചയായും അവർ ചീത്ത ജനതയായിരുന്നു. അതിനാൽ നാം അവരെ മുഴുവൻ മുക്കി നശിപ്പിച്ചു.

وَدَاوُۥدَ وَسُلَيْمَٰنَ إِذْ يَحْكُمَانِ فِى ٱلْحَرْثِ إِذْ نَفَشَتْ فِيهِ غَنَمُ ٱلْقَوْمِ وَكُنَّا لِحُكْمِهِمْ شَٰهِدِينَ ﴿٧٨﴾

78. ദാവൂദിനെയും (അദ്ദേഹത്തിൻെറ പുത്രൻ) സുലൈമാനെയും സ്മരിക്കുക. ഒരു ജനതയുടെ ആടുകൾ കൃഷിയിടത്തിൽ മേഞ്ഞ (കേസിൽ) അവർ രണ്ടുപേരും വിധി പറഞ്ഞ സന്ദർഭം: അവരുടെ വിധിക്ക് നാം സാക്ഷിയായിരുന്നു.

فَفَهَّمْنَٰهَا سُلَيْمَٰنَ ۚ وَكُلًّا ءَاتَيْنَا حُكْمًا وَعِلْمًا ۚ وَسَخَّرْنَا مَعَ دَاوُۥدَ
ٱلْجِبَالَ يُسَبِّحْنَ وَٱلطَّيْرَ ۚ وَكُنَّا فَٰعِلِينَ ﴿٧٩﴾

79. സുലൈമാന് നാം (കേസ്) മനസ്സിലാക്കിക്കൊടുത്തു. അവർക്കൊക്കെയും നാം ജ്ഞാനവും വിധികർത്തൃത്വവും നൽകിയിട്ടുണ്ടായിരുന്നു. ദൈവകീർത്തനം ചൊല്ലു

ന്ന പറവകളെയും പർവതങ്ങളെയും നാം ദാവൂദിനോടൊപ്പം കീഴ്പ്പെടുത്തിക്കൊടുത്തു. നാമായിരുന്നു അത് ചെയ്തത്.

وَعَلَّمْنَٰهُ صَنْعَةَ لَبُوسٍ لَّكُمْ لِتُحْصِنَكُم مِّنۢ بَأْسِكُمْ ۖ فَهَلْ أَنتُمْ شَٰكِرُونَ ﴿٨٠﴾

80. (യുദ്ധ)വിപത്തുകളിൽനിന്ന് നിങ്ങളെ സംരക്ഷിക്കുന്നതിന് നിങ്ങൾക്ക് വേണ്ടി പടയങ്കി നിർമാണവും നാം അദ്ദേഹത്തെ പഠിപ്പിച്ചു. എന്നിട്ടും നിങ്ങൾ നന്ദിയുള്ളവരാണോ?

وَلِسُلَيْمَٰنَ ٱلرِّيحَ عَاصِفَةً تَجْرِى بِأَمْرِهِۦٓ إِلَى ٱلْأَرْضِ ٱلَّتِى بَٰرَكْنَا فِيهَا ۚ وَكُنَّا بِكُلِّ شَىْءٍ عَٰلِمِينَ ﴿٨١﴾

81. സുലൈമാന്ന് ശക്തിയായി വീശുന്ന കാറ്റിനെയും (നാം കീഴ്പ്പെടുത്തിക്കൊടുത്തു.) നാം അനുഗ്രഹിച്ചിട്ടുള്ള പ്രദേശത്തേക്കത് അദ്ദേഹത്തിൻെറ കൽപന പ്രകാരം സഞ്ചരിക്കുന്നു. നാം എല്ലാറ്റിനെപ്പറ്റിയും അറിവുള്ളവനാകുന്നു.

وَمِنَ ٱلشَّيَٰطِينِ مَن يَغُوصُونَ لَهُۥ وَيَعْمَلُونَ عَمَلًا دُونَ ذَٰلِكَ ۖ وَكُنَّا لَهُمْ حَٰفِظِينَ ﴿٨٢﴾

82. അദ്ദേഹത്തിനു വേണ്ടി (കടലിൽ) മുങ്ങുന്ന പിശാചുക്കളിൽ ചിലരെയും (നാം കീഴ്പെടുത്തിക്കൊടുത്തു). അതു കൂടാത്ത മറ്റു കാര്യങ്ങളും അവർ ചെയ്തിരുന്നു. നാമായിരുന്നു അവരുടെ മേൽനോട്ടക്കാരൻ.

۞ وَأَيُّوبَ إِذْ نَادَىٰ رَبَّهُۥٓ أَنِّى مَسَّنِىَ ٱلضُّرُّ وَأَنتَ أَرْحَمُ ٱلرَّٰحِمِينَ ﴿٨٣﴾

83. അയ്യൂബിനെയും(ഓർക്കുക). അദ്ദേഹം തൻെറ രക്ഷിതാവിനെ വിളിച്ചു പ്രാർഥിച്ച സന്ദർഭം: എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീയാകട്ടെ കാരുണികരിൽ കാരുണികനാണല്ലോ.

فَٱسْتَجَبْنَا لَهُۥ فَكَشَفْنَا مَا بِهِۦ مِن ضُرٍّ ۖ وَءَاتَيْنَٰهُ أَهْلَهُۥ وَمِثْلَهُم مَّعَهُمْ رَحْمَةً مِّنْ عِندِنَا وَذِكْرَىٰ لِلْعَٰبِدِينَ ﴿٨٤﴾

84. അങ്ങനെ അദ്ദേഹത്തിന് നാം ഉത്തരം നൽകുകയും അദ്ദേഹത്തിന് നേരിട്ട വിപത്ത് അകറ്റുകയും അദ്ദേഹത്തിൻെറ കുടുംബത്തെയും അവരോടൊപ്പം അത്രയും നാം നൽകുകയും ചെയ്തു. നമ്മിൽനിന്നുള്ള കാരുണ്യവും ആരാധനകളിൽ ഏർപ്പെട്ടവർക്ക് ഒരു ഉദ്ബോധനവുമാണിത്.

وَإِسْمَٰعِيلَ وَإِدْرِيسَ وَذَا ٱلْكِفْلِ ۖ كُلٌّ مِّنَ ٱلصَّٰبِرِينَ ﴿٨٥﴾

85. ഇസ്മാഈലിനെയും ഇദ്രീസിനെയും ദുൽകിഫ്ലിനെയും (സ്മരിക്കുക): അവരൊക്കെ ക്ഷമാശീലരായിരുന്നു.

وَأَدْخَلْنَٰهُمْ فِى رَحْمَتِنَآ ۖ إِنَّهُم مِّنَ ٱلصَّٰلِحِينَ ﴿٨٦﴾

86. അവരെ നാം നമ്മുടെ കാരുണ്യത്തിൽ പ്രവേശിപ്പിച്ചു. തീർച്ചയായും അവരൊക്കെ സച്ചരിതരുടെ കൂട്ടത്തിലായിരുന്നു.

وَذَا ٱلنُّونِ إِذ ذَّهَبَ مُغَٰضِبًا فَظَنَّ أَن لَّن نَّقْدِرَ عَلَيْهِ فَنَادَىٰ فِى ٱلظُّلُمَٰتِ

أَن لَّآ إِلَـٰهَ إِلَّآ أَنتَ سُبۡحَـٰنَكَ إِنِّى كُنتُ مِنَ ٱلظَّـٰلِمِينَ ﴿٨٧﴾

87. ദുന്നൂനിനെയും(യൂനുസ്‌ നബി) ഓർക്കുക. കുപിതനായി അദ്ദേഹം പോയ സന്ദർഭം. നാം അദ്ദേഹത്തെ പിടികൂടുകയില്ലെന്ന്‌ അദ്ദേഹം കരുതി.(അദ്ദേഹത്തെ മത്സ്യം വിഴുങ്ങിയപ്പോൾ) അദ്ദേഹം (മത്സ്യോദരത്തിലെ) ഇരുട്ടിൽ വെച്ച്‌ വിളിച്ചു പ്രാർഥിച്ചു: നീയല്ലാതെ ഒരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ. നിശ്ചയം ഞാൻ അക്രമികളുടെ കൂട്ടത്തിൽ അകപ്പെട്ടുപോയി.

فَٱسۡتَجَبۡنَا لَهُۥ وَنَجَّيۡنَـٰهُ مِنَ ٱلۡغَمِّۚ وَكَذَٰلِكَ نُـۨجِى ٱلۡمُؤۡمِنِينَ ﴿٨٨﴾

88. അപ്പോൾ നാം അദ്ദേഹത്തിന്‌ ഉത്തരം നൽകുകയും ദുഃഖത്തിൽനിന്ന്‌ നാം അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ചെയ്തു. സത്യവിശ്വാസികളെ നാം അപ്രകാരം രക്ഷിക്കുന്നു.

وَزَكَرِيَّآ إِذۡ نَادَىٰ رَبَّهُۥ رَبِّ لَا تَذَرۡنِى فَرۡدًا وَأَنتَ خَيۡرُ ٱلۡوَٰرِثِينَ ﴿٨٩﴾

89. സകരിയ്യയേയും(ഓർക്കുക): അദ്ദേഹം തൻെറ രക്ഷിതാവിനെ വിളിച്ച്‌ പ്രാർഥിച്ചു: രക്ഷിതാവേ, എന്നെ നീ ഏകനായി വെടിയരുതേ. നീയാണല്ലോ അനന്തരമെടുക്കുന്നവരിൽ ഉത്തമൻ.

فَٱسۡتَجَبۡنَا لَهُۥ وَوَهَبۡنَا لَهُۥ يَحۡيَىٰ وَأَصۡلَحۡنَا لَهُۥ زَوۡجَهُۥٓۚ إِنَّهُمۡ كَانُواْ يُسَـٰرِعُونَ فِى ٱلۡخَيۡرَٰتِ وَيَدۡعُونَنَا رَغَبًا وَرَهَبًاۖ وَكَانُواْ لَنَا خَـٰشِعِينَ ﴿٩٠﴾

90. അപ്പോൾ നാം അദ്ദേഹത്തിന്‌ ഉത്തരം നൽകുകയും (പുത്രനായി) യഹ്‌യയെ നൽകുകയും അദ്ദേഹത്തിൻെറ ഭാര്യയെ അതിന്‌ (പ്രസവിക്കാൻ) യോഗ്യയാക്കുകയും ചെയ്തു. തീർച്ചയായും അവർ (പ്രവാചകന്മാർ) സദ്‌കൃത്യങ്ങളിൽ ധൃതി കാണിക്കുന്നവരായിരുന്നു. പ്രതീക്ഷയോടും ഭയപ്പെട്ടും നമ്മോട്‌ പ്രാർഥിക്കുന്നവരുമായിരുന്നു. അവർ നമ്മോട്‌ ഭക്തി പുലർത്തുന്നവരുമായിരുന്നു.

وَٱلَّتِىٓ أَحۡصَنَتۡ فَرۡجَهَا فَنَفَخۡنَا فِيهَا مِن رُّوحِنَا وَجَعَلۡنَـٰهَا وَٱبۡنَهَآ ءَايَةً لِّلۡعَـٰلَمِينَ ﴿٩١﴾

91. തൻെറ ഗുഹ്യസ്ഥാനത്തെ സൂക്ഷിച്ചവളെ (മർയം)ഓർക്കുക. അങ്ങനെ അവളിൽ നമ്മുടെ ആത്മാവിൽനിന്ന്‌ നാം ഊതുകയും അവളെയും അവളുടെ മകനെയും നാം ലോകത്തിനുള്ള ദൃഷ്‌ടാന്തമാക്കുകയും ചെയ്തു.

إِنَّ هَـٰذِهِۦٓ أُمَّتُكُمۡ أُمَّةً وَٰحِدَةً وَأَنَا۠ رَبُّكُمۡ فَٱعۡبُدُونِ ﴿٩٢﴾

92. തീർച്ചയായും നിങ്ങളുടെ സമുദായം, ഏക സമുദായം. ഞാൻ നിങ്ങളുടെ രക്ഷിതാവും. അതിനാൽ നിങ്ങൾ എന്നെ ആരാധിക്കുവിൻ.

وَتَقَطَّعُوٓاْ أَمۡرَهُم بَيۡنَهُمۡۖ كُلٌّ إِلَيۡنَا رَٰجِعُونَ ﴿٩٣﴾

93. (എന്നാൽ) അവർ അവർക്കിടയിൽ അവരുടെ കാര്യം ഛിന്നഭിന്നമാക്കിക്കളഞ്ഞു. എല്ലാം നമ്മുടെ അടുത്തേക്ക്‌ മടങ്ങിവരുന്നവരത്രെ.

فَمَن يَعْمَلْ مِنَ ٱلصَّٰلِحَٰتِ وَهُوَ مُؤْمِنٌ فَلَا كُفْرَانَ لِسَعْيِهِۦ وَإِنَّا لَهُۥ كَٰتِبُونَ ﴿٩٤﴾

94. എന്നാൽ സത്യവിശ്വാസികളായിക്കൊണ്ട് ആരെങ്കിലും വല്ല നന്മയും ചെയ്താൽ അവരുടെ കർമ്മം നിഷ്ഫലമാവുകയില്ല. നിശ്ചയം നാം അത് രേഖപ്പെടുത്തി വെക്കുന്നതാണ്.

وَحَرَٰمٌ عَلَىٰ قَرْيَةٍ أَهْلَكْنَٰهَآ أَنَّهُمْ لَا يَرْجِعُونَ ﴿٩٥﴾

95. നാം നശിപ്പിച്ചുകളഞ്ഞ ഒരു നാട് പിന്നെ തിരിച്ചുവരിക അസംഭവ്യമാകുന്നു;

حَتَّىٰٓ إِذَا فُتِحَتْ يَأْجُوجُ وَمَأْجُوجُ وَهُم مِّن كُلِّ حَدَبٍ يَنسِلُونَ ﴿٩٦﴾

96. യഅ്ജൂജ്-മഅ്ജൂജുകൾ തുറന്നുവിടപ്പെടുകയും സകല കുന്നുകളുൽനിന്നും അവർ ഉതിർന്നിറങ്ങി വരികയും ചെയ്യുന്നതുവരെ;

وَٱقْتَرَبَ ٱلْوَعْدُ ٱلْحَقُّ فَإِذَا هِىَ شَٰخِصَةٌ أَبْصَٰرُ ٱلَّذِينَ كَفَرُوا۟ يَٰوَيْلَنَا قَدْ كُنَّا فِى غَفْلَةٍ مِّنْ هَٰذَا بَلْ كُنَّا ظَٰلِمِينَ ﴿٩٧﴾

97. സത്യവാഗ്ദാനത്തിന്റെ സമയം ആസന്നമാകുകയും ചെയ്താൽ. അപ്പോഴതാ സത്യനിഷേധികളുടെ കണ്ണുകൾ തുറിച്ചുപോകുന്നു. (അവർ പറയും:) ഞങ്ങളുടെ നാശമേ, ഇക്കാര്യത്തെപ്പറ്റി (ലോകാവസാനം) ഞങ്ങൾ അശ്രദ്ധരായിപ്പോയല്ലോ, അല്ല, നാം അക്രമികളായിപ്പോയി.

إِنَّكُمْ وَمَا تَعْبُدُونَ مِن دُونِ ٱللَّهِ حَصَبُ جَهَنَّمَ أَنتُمْ لَهَا وَٰرِدُونَ ﴿٩٨﴾

98. തീർച്ചയായും നിങ്ങളും അല്ലാഹുവിനെക്കൂടാതെ നിങ്ങൾ ആരാധിക്കുന്നവയും നരകത്തിന്റെ ഇന്ധനമാകുന്നു. നിങ്ങൾ അതിലേക്ക് വരിക തന്നെ ചെയ്യും.

لَوْ كَانَ هَٰٓؤُلَآءِ ءَالِهَةً مَّا وَرَدُوهَا ۖ وَكُلٌّ فِيهَا خَٰلِدُونَ ﴿٩٩﴾

99. ഇക്കൂട്ടർ(ദൈവത്തെക്കൂടാതെ അവർ പൂജിക്കുന്നവ) ദൈവങ്ങളായിരുന്നെങ്കിൽ ഇവർ അതിൽ(നരകത്തിൽ) വരികയില്ലായിരുന്നു. (എന്നാൽ) അവരെല്ലാം അതിൽ നിത്യവാസികളായിരിക്കും.

لَهُمْ فِيهَا زَفِيرٌ وَهُمْ فِيهَا لَا يَسْمَعُونَ ﴿١٠٠﴾

100. അവരതിൽ തേങ്ങിക്കൊണ്ടിരിക്കും. അവർ അവിടെ ഒന്നും കേൾക്കുകയില്ല.

إِنَّ ٱلَّذِينَ سَبَقَتْ لَهُم مِّنَّا ٱلْحُسْنَىٰٓ أُو۟لَٰٓئِكَ عَنْهَا مُبْعَدُونَ ﴿١٠١﴾

101. തീർച്ചയായും നമ്മുടെ ഭാഗത്തുനിന്നും നേരത്തെ തന്നെ നന്മ കരസ്ഥമാക്കിയവരാരോ, അവർ അതിൽനിന്ന് (നരകത്തിൽനിന്ന്) അകറ്റപ്പെടുന്നവരാകുന്നു.

لَا يَسْمَعُونَ حَسِيسَهَا ۖ وَهُمْ فِى مَا ٱشْتَهَتْ أَنفُسُهُمْ خَٰلِدُونَ ﴿١٠٢﴾

102. അവർ അതിന്റെ നേരിയ ശബ്ദം പോലും കേൾക്കുകയില്ല. അവർ എന്നെന്നും തങ്ങളുടെ മനസ്സുകൾ കൊതിച്ചതിൽ നിത്യവാസികളായിരിക്കും.

لَا يَحۡزُنُهُمُ ٱلۡفَزَعُ ٱلۡأَكۡبَرُ وَتَتَلَقَّىٰهُمُ ٱلۡمَلَٰٓئِكَةُ هَٰذَا يَوۡمُكُمُ ٱلَّذِي كُنتُمۡ تُوعَدُونَ ﴿١٠٣﴾

103. ഏറ്റവും വലിയ (ആ)സംഭ്രമം അവരെ ദുഃഖിപ്പിക്കുകയില്ല. മലക്കുകൾ അവരെ എതിരേല്ക്കും, ഇത് നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ട ദിവസമാണെന്ന് (ഓതിക്കൊണ്ട്).

يَوۡمَ نَطۡوِي ٱلسَّمَآءَ كَطَيِّ ٱلسِّجِلِّ لِلۡكُتُبِۚ كَمَا بَدَأۡنَآ أَوَّلَ خَلۡقٖ نُّعِيدُهُۥۚ وَعۡدًا عَلَيۡنَآۚ إِنَّا كُنَّا فَٰعِلِينَ ﴿١٠٤﴾

104. ആകാശത്തെ പുസ്തകത്താൾ ചുരുട്ടുന്നതു പോലെ ചുരുട്ടുന്ന ദിവസം, നാം എപ്രകാരമാണോ സൃഷ്ടി ആരംഭിച്ചത് അതുപോലെ നാം അത് ആവർത്തിക്കുന്നതാണ്. നമ്മുടെ ബാധ്യതയിലുള്ള വാഗ്ദാനമാണത്. തീർച്ചയായും നാം (അത്) ചെയ്യുന്നവനാകുന്നു.

وَلَقَدۡ كَتَبۡنَا فِي ٱلزَّبُورِ مِنۢ بَعۡدِ ٱلذِّكۡرِ أَنَّ ٱلۡأَرۡضَ يَرِثُهَا عِبَادِيَ ٱلصَّٰلِحُونَ ﴿١٠٥﴾

105. തീർച്ചയായും ഭൂമിയെ എന്റെ സദ്‌വൃത്തരായ ദാസന്മാർ അനന്തരമെടുക്കുമെന്ന് ഉദ്ബോധനത്തിനുശേഷം നാം സബൂറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

إِنَّ فِي هَٰذَا لَبَلَٰغٗا لِّقَوۡمٍ عَٰبِدِينَ ﴿١٠٦﴾

106. തീർച്ചയായും ഇതിൽ ആരാധന ചെയ്യുന്നവർക്ക് ഒരു സന്ദേശമുണ്ട്.

وَمَآ أَرۡسَلۡنَٰكَ إِلَّا رَحۡمَةٗ لِّلۡعَٰلَمِينَ ﴿١٠٧﴾

107. ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നാം നിന്നെ അയച്ചിട്ടില്ല.

قُلۡ إِنَّمَا يُوحَىٰٓ إِلَيَّ أَنَّمَآ إِلَٰهُكُمۡ إِلَٰهٞ وَٰحِدٞۖ فَهَلۡ أَنتُم مُّسۡلِمُونَ ﴿١٠٨﴾

108. (പ്രവാചകരേ,) പറയുക: നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു എന്നത്രെ എനിക്ക് ബോധനം നൽകപ്പെട്ടത്. അതിനാൽ നിങ്ങൾ (അവന്)അനുസരണമർപ്പിക്കുന്നില്ലയോ?

فَإِن تَوَلَّوۡاْ فَقُلۡ ءَاذَنتُكُمۡ عَلَىٰ سَوَآءٖۖ وَإِنۡ أَدۡرِيٓ أَقَرِيبٌ أَم بَعِيدٞ مَّا تُوعَدُونَ ﴿١٠٩﴾

109. എന്നിട്ട് അവർ പിന്തിരിഞ്ഞുപോവുകയാണെങ്കിൽ നീ പറയുക: നിങ്ങളെ (പക്ഷഭേദമില്ലാതെ) ഒരുപോലെ അറിയിച്ചിരിക്കുന്നു. നിങ്ങൾ വാഗ്ദാനം ചെയ്യപ്പെടുന്ന സംഗതി അടുത്താണോ വിദൂരമാണോ എന്ന് എനിക്കറിഞ്ഞുകൂടാ.

إِنَّهُۥ يَعۡلَمُ ٱلۡجَهۡرَ مِنَ ٱلۡقَوۡلِ وَيَعۡلَمُ مَا تَكۡتُمُونَ ﴿١١٠﴾

110. തീർച്ചയായും സംസാരത്തിൽ പ്രകടമായത് അവൻ അറിയുന്നു, നിങ്ങൾ ഒളിപ്പിച്ചുവെക്കുന്നതും അവൻ അറിയുന്നു.

وَإِنۡ أَدۡرِي لَعَلَّهُۥ فِتۡنَةٞ لَّكُمۡ وَمَتَٰعٌ إِلَىٰ حِينٖ ﴿١١١﴾

111. എനിക്കറിഞ്ഞുകൂടാ, ഇത് (ഈ സന്ദർഭം) നിങ്ങൾക്കൊരു പരീക്ഷണവും അൽപസമയത്തേക്കുള്ള വിഭവവുമായേക്കാം.

قَالَ رَبِّ ٱحْكُم بِٱلْحَقِّ ۗ وَرَبُّنَا ٱلرَّحْمَـٰنُ ٱلْمُسْتَعَانُ عَلَىٰ مَا تَصِفُونَ ﴿١١٢﴾

112. (പ്രവാചകന്‍) പറഞ്ഞു: എന്‍റെ നാഥാ, നീ സത്യത്തോടെ വിധി കല്‍പിക്കേണമേ. നമ്മുടെ രക്ഷിതാവാകട്ടെ, പരമകാരുണികനും അവര്‍ ജല്‍പിക്കുന്നതിനെതിരില്‍ സഹായമര്‍ഥിക്കപ്പെടുന്നവനുമത്രെ.